(സി) താങ്ങുവില പദ്ധതിപ്രകാരം കൊപ്ര വാങ്ങി, സബ്സിഡി നിരക്കിൽ പൊതുവിതരണ സമ്പ്രദായത്തിൽ വെളിച്ചെണ്ണ വിതരണം ചെയ്തതിൽ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ.

(ഡി) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഇക്കാര്യം വിഭാവനം ചെയ്തിട്ടില്ല.

(ഇ) സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ ഇക്കാര്യവും ഉണ്ട്.

ലോട്ടറി ടിക്കറ്റിൽ ഏർപ്പെടുത്തിയ നികുതി

* 172 [175] ഡോ.എ.സുബ്ബറാവു:
ശ്രീ. കെ.പി.പ്രഭാകരൻ:
,, എം.കെ.കേശവൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, പി.കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റിൻമേൽ പുതുതായി ഏർപ്പെടുത്തിയ നികുതി പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലോട്ടറി ടിക്കറ്റ് ഏജൻറുമാർ നൽകിയ നിവേദനത്തിൻെറ അടിസ്ഥാനത്തിലാണോ പുതിയ നികുതി പിൻവലിച്ചത്;

(സി) ഏജൻറുമാരുടെ സമരം മൂലം നഷ്ടം നേരിട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ഗവൺമെൻറു നിയമിച്ച ഏകാംഗ കമ്മീഷനു കേരള സ്റേറ്റ് ലോട്ടറി ഏജൻസ് അസോസിയേഷൻ നിവേദനം നൽകിയിരുന്നു. നിവേദനം ഉൾപ്പെടെ പ്രസക്തമായ എല്ലാ കാര്യങ്ങളും പരിഗണിച്ച ശേഷം കമ്മീഷൻ നൽകിയ ശുപാർശയുടെ വെളിച്ചത്തിലാണ് വിൽപ്പനനികുതി പിൻവലിച്ചത്.

(സി, ഡി) 11,27,456 രൂപ. ഇത് താൽക്കാലിക കണക്കാണ്.

ഓവർഡ്രാഫ്റിൻെറ പലിശ

* 173 [176] ശ്രീ. പി.സീതിഹാജി:
,, കെ.മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിൻെറ ഓവർഡ്രാഫ്റ് തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഓവർഡ്രാഫ്റ്റ് ഇനത്തിൽ പലിശ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നൽകിയ പലിശ എത്രയെന്ന് വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിന് ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നില്ല.

(ബി) ഉണ്ട്.

(സി) 38.84 കോടി രൂപ.

പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ വൈദ്യുതീകരണം.

* 174 [177] ശ്രീ. കെ.ടി.കണാരൻ:
,, എം.കെ.കേശവൻ:
,, കെ.ടി.കുമാരൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, കെ.ഇ.ഇസ്മയിൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്താകെ എത്ര പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളാണ് വൈദ്യുതീകരിച്ചു;

(ബി) നിശ്ചയിച്ചതനുസരിച്ചു ഇനി വൈദ്യുതീകരിക്കാത്ത കോളനികൾ എത്ര;

(സി) അവ എന്നത്തേക്ക് വൈദ്യുതീകരിക്കുമെന്ന് പറയുവാൻ കഴിയുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) പട്ടികജാതി കോളനികൾ—632 എണ്ണം.
പട്ടികവർഗ്ഗകോളനികൾ—33 എണ്ണം.

(ബി) 5 പട്ടിക ജാതി കോളനികൾ.

(സി) ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിനു ലഭിച്ച ഗ്രാന്റ്

* 175 [173] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, മണിമംഗലത്തു കുട്ട്യാലി:
,, തൊപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ:
,, ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

LIBRARY ARCHIVES Kerala Legislative Assembly